FirstRanker.com
Firstranker's choice
www.FirstRanker.com www.FirstRanker.com

**This question paper consists of 30 questions and 8 printed pages.**
ഈ ചോദ്യപേപ്പറിൽ 30 ചോദ്യങ്ങളും, 8 അടച്ചടിച്ച പുറങ്ങളും ഉണ്ട്.

**Roll No.** റോൾ നമ്പർ | | | | | | | | | | | | |

**Code No. 46/S/A/MM** കോഡ് നമ്പർ

# MALAYALAM
## മലയാളം
## (232)

**Day and Date of Examination**
(പരീക്ഷാ ദിവസവും തീയതിയും) ____________________

**Signature of Invigilators** 1. ____________________
(ഇൻവിജിലേറ്ററിന്റെ ഒപ്പ്)
2. ____________________

**പൊതുവായ നിർദ്ദേശങ്ങൾ :**

1 പരീക്ഷാർത്ഥികൾ അവരുടെ റോൾ നമ്പർ ചോദ്യപേപ്പറിന്റെ ആദ്യ പേജിൽ എഴുതേണ്ടതാണ്.

2 ആദ്യപേജിൽ പ്രിൻറുചെയ്തിരിക്കുന്ന വിവരങ്ങൾക്കനുസൃതമായി പേജുകളും ചോദ്യങ്ങളും ചോദ്യപേപ്പറിൽ അടങ്ങിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ ചോദ്യങ്ങൾ ക്രമമായി പ്രിൻറുചെയ്തിട്ടുണ്ടോ എന്നും ഉറപ്പുവരുത്തേണ്ടതാണ്.

3 ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ട ചോദ്യങ്ങൾക്ക് (A), (B), (C), (D) എന്ന ക്രമത്തിൽ കൊടുത്തിട്ടുള്ള ഉത്തരങ്ങളിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് ഉത്തര പുസ്തകത്തിൽ എഴുതേണ്ടതാണ്.

4 ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ടത് ഉൾപ്പെടെ എല്ലാ ചോദ്യങ്ങളുടേയും ഉത്തരം അനുവദിച്ചിരിക്കുന്ന സമയത്തിനുള്ളിൽ തന്നെ എഴുതേണ്ടതാണ്.

5 ഉത്തരപുസ്തകത്തിൽ ഏതെങ്കിലും അടയാളങ്ങൾ ഇടുകയോ, നിശ്ചയിച്ചിരിക്കുന്ന സ്ഥാനത്തൊഴികെ ഉത്തരപുസ്തകത്തിന്റെ ഏതെങ്കിലും ഭാഗത്ത് റോൾ നമ്പർ എഴുതുകയോ ചെയ്യുന്നത് പരീക്ഷാർത്ഥികളുടെ അയോഗ്യതയായി പരിഗണിക്കുന്നതാണ്.

6 ഉത്തരപുസ്തകത്തിന്റെ പുറത്ത് ചോദ്യപേപ്പറിന്റെ കോഡ് നമ്പർ **46/S/A/MM** എഴുതേണ്ടതാണ്.



www.FirstRanker.com

FirstRanker.com
Firstranker's choice
www.FirstRanker.com www.FirstRanker.com

# MALAYALAM

# മലയാളം

# (232)

സമയം : 3 മണിക്കൂർ മാർക്ക് : 100

**നിർദ്ദേശങ്ങൾ :**

(i) എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

(ii) ഒന്നു മുതൽ പതിനൊന്നു വരെ ചോദ്യങ്ങൾക്ക് (A), (B), (C), (D) എന്ന ക്രമത്തിൽ ശരിയായ ഉത്തരങ്ങളിൽ നിന്ന് ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതിയാൽ മതിയാകും.

firstranker.com

1 ജാലകത്തിലൂടെ മുറിയുടെ അകത്തേക്ക് എത്തി നോക്കിയത് എന്താണ് ?

11×1=11

(A) മൂടൽമഞ്ഞ് (B) നേർനിലാവ്

(C) നിഴൽപ്പാടുകൾ (D) രാത്രി

2 നാരദന്റെ വിശേഷണം ഏത് ?

(A) മൂഢമതി (B) പ്രൗഢൻ

(C) രൂഢമതി (D) പ്രൗഢബലൻ



www.FirstRanker.com

FirstRanker.com
Firstranker's choice
www.FirstRanker.com www.FirstRanker.com

3 മനസ്സിനെ ലഹരിപിടിപ്പിക്കുന്ന മനോഭാവങ്ങളിൽ പ്രധാനപ്പെട്ടത് ഏത് ?

(A) മതാന്ധത (B) സ്നേഹം

(C) മദ്യപാനം (D) ധനമോഹം

4 താഴെപ്പറയുന്നവയിൽ ഏതിനെയാണ് കവി പ്രഭാതവുമായി ബന്ധപ്പെടുത്തിയിട്ടുള്ളത് ?

(A) നിർവൃതി (B) പൊൻകതിർ

(C) മഞ്ജിമ (D) ലളിത

5 കുട്ടികാലത്തെ ഔർമ്മകളിൽ വി.ടി.യുടെ മനസ്സിനെ ഏറ്റവും ശല്യപ്പെടുത്തിയ കാര്യം എന്തു് ?

(A) ദാരിദ്ര്യം

(B) ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അകൽച്ച

(C) ഗുരുനിന്ദ

(D) പിതാവിന്റെ ശിക്ഷ

6 നമ്മുടെ ഭാഷയോട് തീരെ ബന്ധമില്ലെന്നു് ലേഖകൻ പറയുന്ന പദമേത് ?

(A) വരിംഗൻ (B) സാവ

(C) ച്ശുണ്ടെ (D) അരാക്ക്



www.FirstRanker.com

FirstRanker.com
Firstranker's choice
www.FirstRanker.com www.FirstRanker.com

7 താഴെക്കൊടുത്തിരിക്കുന്നതിൽ വ്യത്യസ്തത പുലർത്തുന്നത് ഏത് ?

(A) പന്തൽ + പുര = പന്തൽപ്പുര

(B) ഓല + പുര = ഓലപ്പുര

(C) കുട്ടി + പുര = കുട്ടിപ്പുര

(D) നെടും + പുര = നെടുമ്പുര

8 വക്കിൽ കസവുള്ളത് എന്തിനാണ് ?

(A) പൂവാടയ്ക്ക് (B) ഉപധാനത്തിന്

(C) കുടയ്ക്ക് (D) ശിലാസനത്തിന്

9 ഏഴുവയസ്സിനു മുമ്പ് ഒരു കുട്ടിയെ എന്റെ കൈയിൽ തന്നാൽ ആ കുട്ടിയെ ഞാൻ ഏതു നിലയിലും ആക്കാം എന്നു പറഞ്ഞത് ആര് ?

(A) ഐൻസ്റ്റിൻ (B) ലിൻയുടാങ്

(C) ഹിറ്റ്ലർ (D) അബ്രഹാം ലിങ്കൻ

10 ശ്രീരാമന്റെ മുമ്പിൽ ചെന്ന സീതയിൽ പ്രകടമായ ഭാവം ഏത് ?

(A) ആദരം (B) ആനന്ദം

(C) വിനയം (D) ലജ്ജ



www.FirstRanker.com

FirstRanker.com
Firstranker's choice
www.FirstRanker.com www.FirstRanker.com

11 താഴെപ്പറയുന്നവയിൽ കുട്ടികളുടെ സവിശേഷത ഏത് ?

(A) നിഷ്കളങ്കത (B) വാശി

(C) കുശുമ്പ് (D) കുസൃതി

12 അർഥമെഴുതി സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക

(i) ശനിദശ 2

(ii) കൊപ്പുകൂട്ടുക 2

13 വന്നുടൻ നേത്രൊൽപ്പലമാലയുമിട്ടാൾ – ഇവിടെ അലങ്കാരമെന്ത് ? 2

14 കുടുംബ ജീവിതം ദുസ്സഹമാകുന്നതെപ്പോൾ ? 2

15 ബാണങ്ങളുടെ ഏതു സ്വഭാവമാണ് ഗോപസ്ത്രീകൾ കാണിച്ചത് ? 2

16 മലയാളഭാഷ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട് എന്നാണ് കവി സൂചിപ്പിക്കുന്നത്? 3

17 മനസ്വിനി എന്ന കവിതയിൽ കാമുകിയുടെ ശരീരം, കുറിനിരകൾ, തലമുടി എന്നിവയെ എങ്ങിനെയാണ് വർണിച്ചിരിക്കുന്നത് ? 3



www.FirstRanker.com

FirstRanker.com
Firstranker's choice
www.FirstRanker.com www.FirstRanker.com

18 ഇന്ത്യയുടെ നാനാത്വം പ്രകടമാകുന്നത് ഏതെല്ലാം ഘടകങ്ങളിനാണ് ? 3

19 നെയ്പ്പായസം എന്ന കഥയിലെ കഥാനായകന്റെ കുടുംബ ജീവിതത്തിൽ ഉണ്ടായ ബുദ്ധിമുട്ടുകൾ എന്തെല്ലാം ? 3

20 ഡയറിക്കുറിപ്പുകൾ തയാറാക്കേണ്ടതെങ്ങനെ ? 3

21 ഭൂമുയിലെ ഓരോ മണൽത്തരിക്കും അനേകമനേകം കഥകൾ പറയാനുണ്ടെന്ന് ലേഖകൻ പറയുന്നതെന്തുകൊണ്ട് ? 4

22 'മരത്തിനു സ്തുതി' എന്ന കവിതയിൽ മരത്തെ വിഷ്ണുവായി കാണുന്നതെന്തുകൊണ്ട് ? 4

23 പെണ്ണ്, പൊന്ന് എന്നിവയെക്കുറിച്ച് കവിയുടെ കാഴ്ചപ്പാടെന്ത് ? 4

24 തുള്ളൽ എന്ന ദൃശ്യകലയെക്കുറിച്ച് ഒരു ഖണ്ഡിക എഴുതുക. 5

25 'വളർത്തുമൃഗങ്ങൾ' എന്ന പേര് ആ ചെറുകഥയ്ക്ക് എത്രമാത്രം അനുയോജ്യമാണ് ? 5



www.FirstRanker.com

FirstRanker.com
Firstranker's choice
www.FirstRanker.com www.FirstRanker.com

26 സീതയുടെ കഥ പെങ്ങൾ എന്ന കവിതയിൽ എങ്ങിനെയാണ് ധ്വനിപ്പിച്ചിരിക്കുന്നത് ? 5

27 ആശയം വികസിപ്പിച്ച് ഒരു ഖണ്ഡിക എഴുതുക. 5

"പാരതന്ത്ര്യം മാനികൾക്ക്

മൃതിയെക്കാൾ ഭയാനകം"

28 താഴെ കൊടുത്തിരിക്കുന്ന പദ്യഭാഗത്തിന് ഒരു പരാവർത്തനം തയ്യാറാക്കുക. 10

തെല്ലു കൂടുതലാണു ചവർപ്പും കയ്പും പക്ഷേ നല്ലപോലെനിക്കെന്റെ ജീവിതമിഷ്ടപ്പെട്ടു. ചിത്രങ്ങളെഴുതീടാം കവിത കെട്ടിപ്പാടാം കൃക്കുകളോരോന്നോർത്തു കിടക്കാമിഷ്ടംപൊലെ കല്ലുപൊലിരുന്നീടാം കല്ലിനെപ്പോലും നല്ല വെണ്ണയായ്മാറ്റും ശുദ്ധപ്രേമമാർന്നിടാമുള്ളിൽ എന്തൊരാനന്ദം ! നീലവാനവും നൊക്കിയോന്നുമൊർക്കാതെ കിടന്നീടാം ഞാനലിഞ്ഞില്ലാതാകാം.

29 താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് മൂന്നിലൊന്നായി സംഗ്രഹിക്കുക : 10

1834 മുതൽ കായലുകൾ നികത്തി കൃഷിചെയ്യുന്ന രീതി കുട്ടനാടൻ പ്രദേശത്ത് ആരംഭിച്ചു. ആദ്യമൊക്കെ കുട്ടനാടൻ കായൽ നിലങ്ങളിൽ ഒന്നിടവിട്ട വർഷങ്ങളിൽ ഒരുപ്പൂകൃഷി മാത്രമായിരുന്നു പതിവ്. ജൈവാംശം നിറഞ്ഞ കുട്ടനാടൻ കരിനിലങ്ങളിൽനിന്ന് ഇളകിവരുന്ന പുളിപ്പ് കഴുകിക്കളയുന്നതിനും വിളയിലൂടെ നഷ്ടപ്പെടുന്ന പൊഷകങ്ങളെ



www.FirstRanker.com

FirstRanker.com
Firstranker's choice


വെള്ളപ്പൊക്ക എക്കലിലൂടെ വീണ്ടെടുക്കുന്നതിനും ഉതകിയ ഈ രീതി തികച്ചും കുട്ടനാടൻ പ്രകൃതിക്ക് യോജിച്ചതായിരുന്നു. ക്രമേണ ഒന്നരാടം കൊല്ലം തരിശിടുന്ന പതിവ് മാറി. ഭക്ഷ്യോല്പാദനം വർധിപ്പിക്കുന്നതിന് വ്യഗ്രത കൂടിയപ്പോൾ ഒരുപ്പൂകൃഷി പോരെന്നും വന്നു. വേനൽക്കാലത്ത് ഓരുകയറ്റത്തെയും മഴക്കാലത്ത് വെള്ളപ്പൊക്കത്തെയും നിയന്ത്രിച്ചാൽ കുട്ടനാടൻ പാടശേഖരങ്ങളിൽ ഇരുപ്പൂവല്ല മുന്നുപൂവും വിളയിക്കാമെന്ന കണക്കുക്കൂട്ടലായി പിന്നെ.

30 ഒരു വിഷയത്തെപ്പറ്റി ഉപന്യസിക്കുക : 12

(i) വിദ്യാഭ്യാസവും മൂല്യബോധനവും

(ii) പരിസ്ഥിതിനാശം ഉയർത്തുന്ന പ്രശ്നങ്ങൾ

(iii) കേരളത്തിലെ നവോത്ഥാന പ്രസ്ഥാനങ്ങൾ.